'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പള്ളുരുത്തിയിലെ SI-MET (State Institute of Medical Education and Technology) നഴ്സിംഗ് കോളേജിന് കീഴിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലും തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലും പ്രവർത്തിക്കുന്ന രണ്ട് വനിതാ ഹോസ്റ്റലുകളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ പദ്ധതി മാർഗ്ഗ നിർദേശങ്ങളിലെ നിബന്ധനകൾക്ക് വിധേയമായി, 100 ശതമാനം സബ്സിഡി നിരക്കിൽ സ്ഥാപിച്ചു നൽകുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.583/2019/LSGD തീയതി,തിരുവനന്തപുരം, 09/03/2019

---

പരാമർശം:- 1 03.08.2018-ലെ സ.ഉ.(സാധാ.)നം.2142/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

2 SI-MET ഡയറക്ടറുടെ 03.08.2018- ലെ c/1488/2018/സി-മെറ്റ് നമ്പർ കത്ത്

3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 08.02.2019-ലെ 4303/C2/2018/SM നമ്പർ കത്ത്

**ഉത്തരവ്**

സർക്കാർ/എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ആശുപത്രികൾ, സർക്കാർ ക്വാർട്ടേഴ്സുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് 100% തുക ശുചിത്വ മിഷൻ വിഹിതമായി അനുവദിക്കുന്നതിന് അനുമതി നൽകി പരാമർശം(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ഇത്തരം സ്ഥാപനങ്ങൾക്ക് ശുചിത്വ മിഷൻ ധനസഹായം നൽകിവരുന്നത്.

2. എറണാകുളം പള്ളുരുത്തിയിൽ പ്രവർത്തിക്കുന്ന SI-MET (State Institute of Medical Education and Technology) നഴ്സിംഗ് കോളേജിന് കീഴിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലും തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലും പ്രവർത്തിക്കുന്ന രണ്ട് വനിതാ ഹോസ്റ്റലുകളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ 100 ശതമാനം സബ്സിഡി നിരക്കിൽ നടപ്പിലാക്കുന്നതിന് പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നല്കണമെന്ന് SI-MET ഡയറക്ടർ പരാമർശം(2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. SI-MET-ൻറെ കീഴിലുള്ള സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ വിഭാഗത്തിൽപ്പെട്ടവയല്ലാത്തതിനാൽ ഇവിടെ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായ തടസ്സം ഉള്ളതിനാൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലല്ലാത്ത മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, അതാത് സ്ഥാപനങ്ങളിൽ നിന്നും NOC ലഭ്യമാകുന്ന മുറയ്ക്ക്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നേരിട്ട് സ്ഥാപിച്ചു നൽകുന്നതിന് പദ്ധതി മാർഗ്ഗ നിർദേശങ്ങളിലെ നിബന്ധനകൾക്ക് വിധേയമായി അനുമതി നല്കുന്നത് പരിഗണിക്കാവുന്നതാണെന്ന് പരാമർശം(3) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളത്ത് പള്ളുരുത്തിയിൽ പ്രവർത്തിക്കുന്ന SI-MET (State Institute of Medical Education and Technology) നഴ്സിംഗ് കോളേജിന് കീഴിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലും തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലും പ്രവർത്തിക്കുന്ന രണ്ട് വനിതാ ഹോസ്റ്റലുകളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ 100 ശതമാനം സബ്സിഡി നിരക്കിൽ പദ്ധതി മാർഗ്ഗ നിർദേശങ്ങളിലെ നിബന്ധനകൾക്ക് വിധേയമായി സ്ഥാപിച്ചു നൽകുന്നതിന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷനും തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
DEPUTY SECRETARY

ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിട്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി ( SI-MET) തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം

സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപറേഷൻ

സെക്രട്ടറി, തൃപ്പൂണിത്തുറ നഗരസഭ

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

ആരോഗ്യ കുടുംബക്ഷേമ (സി)വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്

തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്